**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3742** **11.12.2018 ൽ മറുപടി നൽകിയത്**

## വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി യാത്രാ കൺസഷൻ

| | ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി വഴി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന യാത്രാ കൺസഷൻ കാർഡിന്റെ വിതരണത്തിൽ പുതിയ മാനദണ്ഡമുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അതിനാസ്പദമായ ഗവൺമെന്റ് നിർദേശം എന്നിവ വെളിപ്പെടുത്തുമോ; | (എ) | 01.03.2018 മുതൽ പ്രാബല്യത്തിൽ വന്ന ടിക്കറ്റ് നിരക്ക് വർദ്ധനവിന് ആനുപാതികമായി കൺസഷൻ നിരക്കുകളും സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. തനത് വർഷത്തെ അംഗീകൃത അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഐ.ഡി കാർഡ്, കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്കും കൺസഷൻ അനുവദിക്കുന്നതാണ്. |
| (ബി) | ഗവൺമെന്റ് നിർദേശമില്ലാതെ താൽക്കാലികമായി നയം മാറ്റുന്നതിന് കെ.എസ്.ആർ.ടി.സിക്ക് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ, ഏതൊക്കെ ഉദ്യോഗസ്ഥർക്ക് എത്ര കാലത്തേക്ക് അധികാരം നൽകിയിട്ടുണ്ട്; ആയതു പ്രകാരം വിദ്യാർത്ഥികളിൽ നിന്ന് ഫൈൻ ഈടാക്കാൻ കെ.എസ്.ആർ.ടി.സിക്ക് അധികാരമുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എന്ന് വെളിപ്പെടുത്താമോ; | (ബി) | നയപരമായ തീരുമാനങ്ങൾ സർക്കാരിന്റെയും, ഭരണ സമിതിയുടേയും തീരുമാനപ്രകാരമാണ് കൈകൊള്ളുന്നത്. പുതിയതായി വിദ്യാർത്ഥികളിൽ നിന്നും ഫൈൻ ഈടാക്കുന്നില്ല. കാലാകാലങ്ങളിൽ കൺസഷൻ ടിക്കറ്റ് നഷ്ടപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും മാത്രം ആയതിന് പെനാൽറ്റി ഈടാക്കി വരുന്നുണ്ട്. ടിക്കറ്റ് നിരക്ക് വർദ്ധനവിന്റെയും, നിലവിലെ സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ടി തുകയിൽ ആനുപാതിക വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. |
| (സി) | മുൻവർഷം യാത്രാ കൺസഷൻ കാർഡ് എടുത്തിട്ടില്ലാത്തവർ നടപ്പുവർഷം അപേക്ഷ നൽകിയപ്പോൾ 500 രൂപ പിഴ ഈടാക്കുന്നതിന് കെ. എസ്. ആർ. ടി.സിയ്ക്ക് ആരാണ് നിർദ്ദേശം നൽകിയത്; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | അത്തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ല. മുൻവർഷം ലഭിച്ച കൺസഷൻ കാർഡ് നഷ്ടപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും മാത്രമാണ് 500 രൂപ പെനാൽറ്റിയായി ഈടാക്കുന്നത്. |
| (ഡി) | ഇത്തരത്തിലുള്ള പിഴ തലസ്ഥാന നഗരിയിലെ സിറ്റി ഡിപ്പോയിൽ മാത്രം ഈടാക്കിയതായ റിപ്പോർട്ടുകളിന്മേൽ കെ.എസ്.ആർ.ടി.സി നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ ആർക്കെതിരെ, എന്തൊക്കെ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (ഡി) | പ്രസ്തുത വിഷയം കെ.എസ്.ആർ.റ്റി.സി.യുടെ വിജിലൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് എടുക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |

(ഇ) സാധാരണക്കാരായ കുട്ടികളിൽനിന്ന് ഭീമമായ പിഴ പിരിച്ചെടുത്തതിന്റെ വിശദീകരണം നൽകുമോ; ഇപ്രകാരം എത്ര വിദ്യാർത്ഥികളിൽ നിന്ന് പിഴ ഈടാക്കി; പിരിച്ചെടുത്ത തുക കെ.എസ്.ആർ.ടി.സി യുടെ അക്കൗണ്ടിലാണോ അതോ മറ്റേതെങ്കിലും സ്വകാര്യ അക്കൗണ്ടിലാണോ നിക്ഷേപിച്ചിട്ടുള്ളത്; വ്യക്തമായ വിവരം പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പിഴ നിയമാനുസൃതം മാത്രമാണ് ഈടാക്കിയിട്ടുള്ളത്. തുക കെ എസ് ആർ ടി സി യുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് വിദ്യാർത്ഥി കൺസഷൻ കാർഡുമായി ബന്ധപ്പെട്ട് കെ എസ് ആർ ടി സി സംസ്ഥാനത്താകമാനം 570 വിദ്യാർത്ഥികളിൽ നിന്നും 500 രൂപ വീതം പിഴ ഈടാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | വിദ്യാർത്ഥികളുടെ എണ്ണം | പിഴ തുക | ആകെ |
|---|---|---|---|
| തെക്കൻമേഖല | 175 | 500 | 87500 |
| മദ്ധ്യ മേഖല | 86 | 500 | 43000 |
| വടക്കൻ മേഖല | 309 | 500 | 154500 |
| **ആകെ** | **570** | | **285000** |

(എഫ്) ഗവൺമെന്റ് നിർദ്ദേശ പ്രകാരം വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ. ടി.സി യാത്രാ കൺസഷൻ അനുവദിക്കുന്നുണ്ടെങ്കിലും ആവശ്യമായ ഓർഡിനറി സർവ്വീസുകൾ ലഭ്യമാക്കാത്തത് മൂലമുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് അനന്തപുരി ഫാസ്റ്റ് ഉൾപ്പെടെയുള്ള ബസ്സുകളിലും വിദ്യാർത്ഥികളുടെ കൺസഷൻ യാത്ര അനുവദിക്കാൻ നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ മറ്റെന്ത് സംവിധാനമാണേർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എഫ്) കെ.എസ്.ആർ.ടി.സി നിലവിൽ വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ്. നിലവിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നത് വഴി ഒരു വർഷം 672 കോടി രൂപ കോർപ്പറേഷന് നഷ്ടമാകുന്നുണ്ട്. ആയതിനാൽ ഓർഡിനറി സർവ്വീസുകൾ കൂടാതെ മറ്റ് സർവ്വീസുകളിൽ കൺസഷൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. ഷെഡ്യൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിലേയ്ക്കാവശ്യമായ നടപടികൾ കെ.എസ്. ആർ.ടി.സി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**